"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് വൈസ്ചെയർമാന്റെ ഔദ്യോഗിക ഉപയോഗത്തിനായി പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വ്യവസായ (കെ) വകുപ്പ്**

സ.ഉ.(കൈ) നം.121/2022/ID    തീയതി,തിരുവനന്തപുരം, 17-11-2022

പരാമർശം:-    കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയുടെ 05.07.2022 -ലെ കെ.ബി.നം.4062/2012/ഇ5 നമ്പർ കത്ത്.

**ഉത്തരവ്**

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് വൈസ്ചെയർമാൻ ഉപയോഗിക്കുന്ന ഇന്നോവ കാർ കാലപ്പഴക്കം മൂലം വളരെയധികം അറ്റകുറ്റപ്പണികൾ ചെയ്യേണ്ടി വരുന്നതിനാൽ പുതിയ ഒരു കാർ സർക്കാർ അംഗീകാരത്തിന് വിധേയമായി വാങ്ങുവാൻ 20.04.2022 ൽ വ്യവസായ വകുപ്പ് മന്ത്രി കൂടിയായ ചെയർമാന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഡയറക്ടർ ബോർഡ് യോഗം തീരുമാനിച്ചുവെന്നും ഖാദി ഗ്രാമ വ്യവസായ ബോർഡ് വൈസ്ചെയർമാന്റെ ഔദ്യോഗിക വാഹനം ദീർഘദൂര യാത്രകൾക്ക് ഉപയോഗിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും ഉയർന്ന സെക്യൂരിറ്റി സംവിധാനത്തോടെ യാത്ര ചെയ്യേണ്ടതിനാൽ ടി വാഹനത്തിന് പകരമായി പുതിയ വാഹനം വാങ്ങുന്നതിന് അനുവാദം നൽകണമെന്നും, നിലവിലെ വാഹനം കാലപ്പഴക്കം ഉള്ളതാണെങ്കിലും കണ്ടം ചെയ്യേണ്ട ആവശ്യമില്ലായെന്നും വാഹനം ഇല്ലാത്ത ജില്ലയിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതാണെന്നും, ബോർഡിന്റെ ട്രേഡിംഗ് ഫണ്ടിൽ നിന്നും തുക കണ്ടെത്തുന്നതാണെന്നും ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറി പരാമർശ പ്രകാരം അറിയിച്ചിട്ടുണ്ട്.

2 സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് വൈസ്ചെയർമാന്റെ ശാരീരിക അവസ്ഥയും, ഉയർന്ന സെക്യൂരിറ്റി സംവിധാനമുള്ള വാഹനത്തിന്റെ ആവശ്യകതയും കണക്കിലെടുത്ത് പ്രത്യേക പരിഗണന നൽകി, പരമാവധി 35 ലക്ഷം രൂപ വിലവരുന്ന ഒരു പുതിയ വാഹനം ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ട്രേഡിംഗ് അക്കൗണ്ടിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് ഇലക്ട്രിക് വാഹനം വാടകയ്ക്കെടുക്കുന്ന നയത്തിന് വിരുദ്ധമായി വാങ്ങുന്നതിന്, അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ& ഇ)/ആഡിറ്റ്, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ-ബിപ്, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം    പ്രകാരം)
ധനകാര്യ വകുപ്പ് (PU-D1/95/2022-Fin, തീയതി 26.10.2022 പ്രകാരം)
വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. കെ1/131/2022-വ്യവ)

ഉത്തരവിൻ പ്രകാരം
Signed by S Padmaja
Date: 18-11-2022 10:33:18

സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു.വ്യവസായ വകുപ്പ മന്ത്രിയുടെ പി.എസിന്
വ്യവസായ വകുപ്പ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്
വ്യവസായ വകുപ്പ ജോയിന്റ് സെക്രട്ടറിയ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 16-11-2022

ഫയൽ നം. വ്യവ-കെ1/131/2022/വ്യവ. ഇനം നം: 1165

വിഷയം : വ്യവസായ വകുപ്പ് - കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് വൈസ്ചെയർമാന്റെ ഔദ്യോഗിക ഉപയോഗത്തിനായി പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.വ്യവ-കെ1/131/2022-വ്യവ |
| 2 | വകുപ്പ് | | വ്യവസായ (കെ ) വകുപ്പ് |
| 3 | വിഷയം | : | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് വൈസ്ചെയർമാന്റെ ഔദ്യോഗിക ഉപയോഗത്തിനായി പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 06.11.2022 |
| 5 | (I) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കരട് കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | സിജ്ജ ജേക്കബ് |
| 8 | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.എ.പി.എം.മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 08.11.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09.11.2022 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി.രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 09.11.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 11.11.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രി സഭായോഗത്തിനുള്ള കുറിപ്പ്

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ വൈസ്ചെയർമാന്റെ ഔദ്യോഗിക ഉപയോഗത്തിനായി പുതിയ കാർ വാങ്ങുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച ശിപാർശയാണ് ഈ കുറിപ്പിലെ വിഷയം.

2. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് വൈസ്ചെയർമാൻ ഉപയോഗിക്കുന്ന ഇന്നോവ കാർ കാലപ്പഴക്കം മൂലം വളരെയധികം അറ്റകുറ്റപ്പണികൾ ചെയ്യേണ്ടി വരുന്നതിനാൽ പുതിയ ഒരു കാർ സർക്കാർ അംഗീകാരത്തിന് വിധേയമായി വാങ്ങുവാൻ 20.04.2022 ൽ വ്യവസായ വകുപ്പ് മന്ത്രി കൂടിയായ ചെയർമാന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഡയറക്ടർ ബോർഡ് യോഗം തീരുമാനിച്ചു. ഖാദി ഗ്രാമ വ്യവസായ ബോർഡ് വൈസ്ചെയർമാന്റെ ഔദ്യോഗിക വാഹനം ദീർഘദൂര യാത്രകൾക്ക് ഉപയോഗിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും ഉയർന്ന സെക്യൂരിറ്റി സംവിധാനത്തോടെ യാത്ര ചെയ്യേണ്ടതിനാൽ ടി വാഹനത്തിന് പകരമായി പുതിയ വാഹനം വാങ്ങുന്നതിന് അനുവാദം നൽകണമെന്നും, നിലവിലെ വാഹനം കാലപ്പഴക്കം ഉള്ളതാണെങ്കിലും കണ്ടം ചെയ്യേണ്ട ആവശ്യമില്ലായെന്നും വാഹനം ഇല്ലാത്ത ജില്ലയിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതാണെന്നും, ബോർഡിന്റെ ട്രേഡിംഗ് ഫണ്ടിൽ നിന്നും തുക കണ്ടെത്തുന്നതാണെന്നും ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറി അറിയിച്ചു.

3. ആയതിന്റെ അടിസ്ഥാനത്തിൽ ഫയൽ ധനകാര്യ വകുപ്പിന് കൈമാറുകയും ടി വകുപ്പ് താഴെപ്പറയുന്ന പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

*"ഖാദി ബോർഡ് വൈസ്ചെയർമാന്റെ ഔദ്യോഗിക ആവശ്യത്തിന് പുതിയ വാഹനം വാങ്ങണമെന്ന പ്രൊപൊസൽ സർക്കാരിന്റെ വ്യയ നിയന്ത്രണങ്ങൾ സംബന്ധിച്ച 09.11.2021-ലെ സർക്കാർ ഉത്തരവ് (കൈ) നം 130/2021/ധന-യിൽ നിർദ്ദേശിച്ചിരിക്കുന്ന നിയന്ത്രണ കാലാവധിക്ക് ശേഷം, വാങ്ങുവാൻ ഉദ്ദേശിക്കുന്ന വാഹനത്തിന്റെ വില, വാഹനത്തിന്റെ മറ്റ് വിവരങ്ങൾ എന്നിവ സംബന്ധിച്ച് ഡയറക്ടർ ബോർഡ് യോഗം തീരുമാനമെടുത്ത ശേഷം ആയതിന്റെ പകർപ്പടക്കം പുന:സമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു."*

4. പ്രസ്തുത പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഖാദി സെക്രട്ടറിയോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ഉയർന്ന സെക്യൂരിറ്റി സംവിധാനത്തിന്റെ ആവശ്യകതയും വൈസ്ചെയർമാന്റെ ശാരീരിക അവസ്ഥയും പരിഗണിച്ച് പരമാവധി 35 ലക്ഷം രൂപ വിലവരുന്ന Toyota Innova Car അല്ലെങ്കിൽ തത്തുല്യ സുരക്ഷ സംവിധാനമുള്ള വാഹനം ട്രേഡിംഗ് അക്കൗണ്ടിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് വാങ്ങുന്നതിന് 26.08.2022 തീയതിയിൽ കൂടിയ ബോർഡ് യോഗം തീരുമാനിക്കുകയും പുതിയ വാഹനം വാങ്ങുവാൻ നിലിവിലെ സർക്കാർ ഉത്തരവ് പ്രകാരം തടസ്സമുള്ളതിനാലും വൈസ്ചെയർമാന് ഗവൺമെന്റ് പ്രത്യേക സുരക്ഷ ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിലും അദ്ദേഹത്തിന്റെ ശാരീരിക അവസ്ഥ കണക്കിലെടുത്തും ഒരു പ്രത്യേക പരിഗണന നൽകി പുതിയ ഒരു വാഹനം വാങ്ങുന്നതിന് അനുവാദം നൽകണമെന്നും സെക്രട്ടറി അപേക്ഷിച്ചു. ഖാദി സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ ഫയൽ വീണ്ടും ധനകാര്യ വകുപ്പിനു കൈമാറുകയും പ്രസ്തുത വകുപ്പ് താഴെപ്പറയുന്ന പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു.

"Finance agrees to the proposal for purchasing a vehicle worth Rs.35 lakh *(Rs Thirty Five Lakh only )* for the official use of Vice Chairman of KVVIB from the own funds in the trading account of KKVIB, as a special case against the policy of hiring of e-vehicle, subject to the approval of Cabinet.

This has the approval of Hon'ble Minister (Finance)"

6. മേൽ സാഹചര്യത്തിൽ, ഖാദി ബോർഡ് വൈസ്ചെയർമാന്റെ ശാരീരിക അവസ്ഥ കണക്കിലെടുത്ത് പ്രത്യേക പരിഗണന നൽകി പരമാവധി 35 ലക്ഷം രൂപ വിലവരുന്ന പുതിയ വാഹനം കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ട്രേഡിംഗ് അക്കൗണ്ടിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് വാങ്ങുന്നതിന് അനുവാദം നൽകണമെന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാമോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ആയത് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവിടുകയുണ്ടായി.

**തീരുമാനിക്കേണ്ട സംഗതി**

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് വൈസ്ചെയർമാന്റെ ശാരീരിക അവസ്ഥയും, ഉയർന്ന സെക്യൂരിറ്റി സംവിധാനമുള്ള വാഹനത്തിന്റെ ആവശ്യകതയും കണക്കിലെടുത്ത് പ്രത്യേക പരിഗണന നൽകി, പരമാവധി 35 ലക്ഷം രൂപ വിലവരുന്ന ഒരു പുതിയ വാഹനം ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ട്രേഡിംഗ് അക്കൗണ്ടിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് ഇലക്ട്രിക് വാഹനം വാടകയ്ക്കെടുക്കുന്ന നയത്തിന് വിരുദ്ധമായി വാങ്ങുന്നതിന് അനുമതി നൽകാമോ?

# GOVERNMENT OF KERALA
## SHRI.PINARAYI VIJAYAN MINISTRY
## NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1 | File No. | : IND-K1/131/2022-IND |
| 2 | Department. | : INDUSTRIES (K) DEPARTMENT |
| 3 | Subject | :Proposal for purchasing a new vehicle for the use of Vice Chairman of Kerala Khadi and Village Industries Board -Reg |
| 4 | Date of Chief Ministers' order for placing before the Council | : 06.11.2022 |
| 5 | (i)Does the case involve financial commitments/ implications. | : Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note. | : Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council ? | : No<br>: |
| 7 | Name of Joint Secretary who submitted the Draft Note | : Siju Jacob |
| 8 | Name of Principal Secretary who approved the Draft Note | : Shri.A.P.M Mohammed Hanish |
| 9 | Date of approval of the Draft Note for the Council by the Principal Secretary | : 08.11.2022 |
| 10 | Name of Chief Secretary who approved the Draft Note | : Dr.V.P. Joy |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : 09.11.2022 |
| 12 | Name of Minister who approved the Draft Note | : Shri.P.Rajeeve |
| 13 | Date of approval of the Draft Note for the Council by the Minister | : 09.11.2022 |
| 14 | Date of Submission of Fair Copies | : 11.11. 2022 |
| 15 | Date of decision by the Council of Ministers | : |
| 16 | Number and date of the G.O / Letter communicating the decision | : |

## Note for the Council of Ministers

This note deals with the proposal to accord sanction for the purchase of a new car for the official use of Vice-Chairman of the Kerala Khadi Village Industries Board.

2. As the car used by the Vice Chairman of Kerala Khadi and Village Industries Board is old, it was decided to buy a new car, in the Board meeting held on 20.04.2022 under the chairmanship of Minister for Industries. The Secretary, Kerala Khadi Village Industries Board has informed that, the official vehicle of Vice Chairman is not convenient for long distance journeys and as he travels with high security arrangements, Secretary has requested that permission may be granted to purchase a new vehicle instead of the old one.

3.The remarks initially offered by the Finance Department upon the proposal was as follows:

*"ഖാദി ബോർഡ് വൈസ്ചെയർമാന്റെ ഔദ്യോഗിക ആവശ്യത്തിന് പുതിയ വാഹനം വാങ്ങണമെന്ന പ്രൊപൊസൽ സർക്കാരിന്റെ വ്യയ നിയന്ത്രണങ്ങൾ സംബന്ധിച്ച 09.11.2021-ലെ സർക്കാർ ഉത്തരവ് (കൈ) നം 130/2021/ധന-യിൽ നിർദ്ദേശിച്ചിരിക്കുന്ന നിയന്ത്രണ കാലാവധിക്ക് ശേഷം, വാങ്ങുവാൻ ഉദ്ദേശിക്കുന്ന വാഹനത്തിന്റെ വില, വാഹനത്തിന്റെ മറ്റ് വിവരങ്ങൾ എന്നിവ സംബന്ധിച്ച് ഡയറക്ടർ ബോർഡ് യോഗം തീരുമാനമെടുത്ത ശേഷം ആയതിന്റെ പകർപ്പടക്കം പുന:സമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു."*

4.On the basis of the remarks of Finance Department a revised report was called from the Secretary, Khadi Board and he informed that even though the present vehicle is old it need not be condemned but can be transferred for the use in another district. Hence taking into account the need for high security system and also the physical condition of Vice-Chairman the Board meeting held on 26.08.2022 decided to purchase a Toyotto Innova Car at a maximum cost of Rs.35 lakh or a similar vehicle with equalent security system by meeting the expenses from the trading account of the Board. As there exist restrictions in buying new vehicles and as Government have arranged special security for the Vice-Chairman and also considering his physical condition, Secretary, Khadi and Village Industries Board has requested to Government to grant permission to buy a new car as a special case.

5. When the file was again forwarded to Finance Department, that Department has offered the following remarks:

"Finance agrees to the proposal for purchasing a vehicle worth Rs.35 lakh *(Rs Thirty Five Lakh only )* for the official use of Vice Chairman of KVVIB from the own funds in the

trading account of KKVIB , as a special case against the policy of hiring of e-vehicle , subject to the approval of Cabinet.

This has the approval of Hon'ble Minister (Finance)"

6. When the file was circulated for orders as to whether the matter of granting permission to buy a new car at a maximum cost of Rs.35 lakh from the trading account of Kerala Khadi and Village Industries Board considering the physical condition of the vice-chairman, as a special case may be placed before the Council of Ministers, Hon'ble Chief Minister has ordered to place the matter for the consideration of Council of Ministers.

## Point for decision

Whether permission may be granted for the purchase of a new vehicle worth a maximum cost of Rs.35 lakhs from their own funds in the trading account of Kerala Khadi and Village Industries Board, considering the physical condition of the Vice-Chairman of the Board and the requirement of high security vehicle, as a special case, against the policy of hiring of e-vehicle?